**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1513** **07-10-2021 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ റീസർവ്വേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ വി ജോയി,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ എം രാജഗോപാലൻ** | | **Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് റീസർവ്വേ നടപടികൾ എത്ര വില്ലേജുകളിൽ പൂർത്തിയായിട്ടുണ്ടെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയായിട്ടുണ്ട്. |
| (ബി) | പരമ്പരാഗത രീതിയിലുള്ള റീസർവ്വേ നടപടികൾ പൂർത്തിയാക്കാൻ കാലതാമസമുണ്ടാകുന്നതിനാൽ ഭൂരേഖകളുടെ കൃത്യതയുടെ അനിവാര്യത പരിഗണിച്ച് റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി ഡിജിറ്റൽ റീസർവ്വേ ആരംഭിക്കാൻ അനുമതിയായിട്ടുണ്ടോ; പദ്ധതിയുടെ ചെലവും മറ്റ് വിശദാംശങ്ങളും അറിയിക്കാമോ; | (ബി) | സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീസർവെ പൂർത്തിയായെങ്കിലും, 87 വില്ലേജുകൾ മാത്രമാണ് ഡിജിറ്റൽ മാപ്പുകൾ ഉള്ളത്. കാലഘട്ടത്തിനനുസൃതമായി ഓൺലൈൻ മുഖേനയുള്ള സേവനം സാധ്യമാക്കുന്നതിനും, കൂടുതൽ കൃത്യതയാർന്ന റിക്കാർഡുകൾ തയ്യാറാക്കുന്നതിനും, സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും ഡിജിറ്റൽ സർവ്വെ മാപ്പുകൾ ആവശ്യമായ സാഹചര്യത്തിൽ ഡിജിറ്റൽ റിക്കാർഡുകൾ ലഭ്യമായിട്ടുള്ള 87 വില്ലേജുകളും, നിലവിൽ ഡിജിറ്റൽ സർവ്വെ ജോലികൾ പുരോഗതിയിലുള്ള 29 വില്ലേജുകളും കുറച്ച് ശേഷിക്കുന്ന 1550 വില്ലേജുകൾ നൂതന സർവ്വെ സാങ്കേതിക വിദ്യകളായ CORS (Continuously Operating Reference Stations), RTK (Real Time Kinematic), Drone, DGPS (Differential Global Positioning System), ETS (Electronic Total Station) എന്നിവ പ്രയോജനപ്പെടുത്തി 4 വർഷത്തിനകം സംസ്ഥാനത്തിന്റെ ഡിജിറ്റൽ സർവ്വെ പൂർത്തിയാക്കുന്നതിനുള്ള പദ്ധതിക്ക് 18-08-21 ലെ സ.ഉ (കൈ) 24/2021/പ്ലാനിംഗ് നമ്പർ ഉത്തരവ് പ്രകാരം സർക്കാർ തത്ത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ടി പദ്ധതിക്ക് ആകെ 807.98 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഇത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി റീബിൽഡ് കേരള ഇനിഷിയേറ്റീവിൽ ഉൾപ്പെടുത്തി ₹339.438 കോടി രൂപ ആദ്യ ഘട്ടത്തിൽ അനുവദിച്ച് |

| | | | |
|---|---|---|---|
| | | | ഉത്തരവായിട്ടുള്ളതും, ഇത് പ്രകാരമുള്ള നടപടികൾ വകുപ്പിൽ ആരംഭിച്ചിട്ടുള്ളതുമാണ്. |
| (സി) | സമ്പൂർണ്ണ ഡിജിറ്റൽ സർവ്വേക്കുള്ള പ്രസ്തുത പദ്ധതി കേന്ദ്ര സർക്കാർ പദ്ധതിയാണെന്ന പ്രചരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച നിജസ്ഥിതി അറിയിക്കാമോ? | (സി) | സമ്പൂർണ്ണ ഡിജിറ്റൽ സർവ്വേക്കുള്ള പദ്ധതി കേന്ദ്ര സർക്കാർ പദ്ധതിയാണെന്ന പ്രചരണം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും, ഇത് വസ്തുതകൾക്ക് വിരുദ്ധവുമാണ്. ഭൂരേഖകൾ നിലവിലില്ലാത്ത Rural inhabited പ്രദേശങ്ങൾ മാത്രം (ഇന്ത്യയുടെ ആകെ ഭൂവിസ്തൃതിയുടെ 3 മുതൽ 5 ശതമാനം) കേന്ദ്രീകരിച്ചു ഡ്രോൺ സർവ്വേ നടത്തി പ്രോപ്പർട്ടി കാർഡ് നൽകുക എന്ന ലക്ഷ്യം മുൻ നിറുത്തി കേന്ദ്ര മിനിസ്ട്രി ഓഫ് പഞ്ചായത്തി രാജ് (MoPR) നടപ്പിലാക്കുന്ന SVAMITVA പദ്ധതിയിൽ കേരളവും ഉൾപ്പെട്ടിട്ടുണ്ടെങ്കിലും, സമ്പൂർണ്ണ ഡിജിറ്റൽ റീസർവ്വെ എന്നത് സംസ്ഥാന സർക്കാർ പദ്ധതിയാണ്. കേരളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വ്യത്യസ്ത ഭൂവിഭാഗമായതിനാൽ (മരങ്ങളാൽ മൂടപ്പെട്ടതും, ഉയർന്ന കെട്ടിടങ്ങൾ കൂടുതലുമുള്ള ഭൂപ്രദേശം) മുൻനിറുത്തി കേന്ദ്ര മിനിസ്ട്രി ഓഫ് പഞ്ചായത്തി രാജ് (MoPR) നടപ്പിലാക്കുന്ന SVAMITVA പദ്ധതിയുടെ ഭാഗമായി ലഭിക്കുന്ന രേഖകളുടെ കൃത്യതയും ഡ്രോൺ സർവെയും സാധ്യതയും പരീക്ഷിച്ച് ഉറപ്പാക്കേണ്ടതുണ്ട്. ടി കാര്യങ്ങളെല്ലാം തിരിച്ചറിഞ്ഞാണ് സംസ്ഥാനത്തെ ഓരോ ഭൂവുടമയ്ക്കും കൃത്യമായ ഭൂരേഖകൾ ശാസ്ത്രീയമായി അളന്നു തയ്യാറാക്കി റിക്കാർഡുകൾ നൽകുക, റവന്യൂ ഭരണം സുഗമമാക്കുക, ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കും സർക്കാരിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്കും ആത്യന്തികം പ്രയോജനകരമാകുന്ന തരത്തിൽ ഭൂരേഖ തയ്യാറാക്കുക, ഭൂസംബന്ധമായ വിഷയം കൈകാര്യം ചെയ്യുന്ന മൂന്ന് വകുപ്പുകളെടെയും (റവന്യൂ, സർവ്വെ, രജിസ്ട്രേഷൻ) സേവനങ്ങൾ സംയോജിപ്പിച്ച് സുതാര്യമായി രീതിയിൽ റെക്കോർഡുകളെ കാലികമായി അപ്ഡേറ്റ് ചെയ്യുക തുടങ്ങിയ ലക്ഷ്യത്തോടെയാണ് 1550 വില്ലേജുകളുടെ സമഗ്രമായ ഡിജിറ്റൽ സർവ്വെ പദ്ധതിക്കു സംസ്ഥാന സർക്കാർ രൂപം കൊടുത്തിട്ടുള്ളത്. ഈ പദ്ധതിക്കായി 807.98 കോടി രൂപയും RKI യിൽ നിന്ന് അനുവദിച്ചിട്ടുമുണ്ട് |

സെക്ഷൻ ഓഫീസർ